പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4704 05/02/2014-ലെ മറുപടിക്ക്

രജിസ്റ്റർ ചെയ്യപ്പെടാത്ത ഡെയറികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ.കെ. വിജയൻ | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) രജിസ്റ്റർ ചെയ്യാത്ത എത്ര ചെറുകിട ഡെയറികൾ സംസ്ഥാനത്തു പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകുമോ ; | (എ) | നിലവിൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് 2006 അനുസരിച്ചാണ് ഡെയറികൾ രജിസ്റ്റർ ചെയ്യുന്നത്. രജിസ്റ്റർ ചെയ്യാത്ത ചെറുകിട ഡെയറികളെ സംബന്ധിച്ച വിവരങ്ങൾ ക്ഷീരവികസന വകുപ്പിൽ ലഭ്യമല്ല. |
| (ബി) രജിസ്റ്റർ ചെയ്യാത്ത പ്രസ്തുത ഡെയറികൾക്ക് എന്തെല്ലാം സാമ്പത്തിക സഹായമാണ് നൽകിവരുന്നത് ; | (ബി) | സഹകരണ നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത സംഘങ്ങൾക്കു മാത്രമേ ക്ഷീരവികസന വകുപ്പിൽ നിന്നും ധനസഹായം നൽകുന്നുള്ളൂ. |
| (സി) പ്രസ്തുത ഡെയറികളിൽനിന്ന് പ്രതിവർഷം എത്ര കിലോലിറ്റർ പാൽ ശേഖരിക്കുന്നുണ്ട് ; | (സി) | ബാധകമല്ല. |
| (ഡി) പ്രസ്തുത ഡെയറികളെ സഹകരണ മേഖലയിൽ ഉൾപ്പെടുത്തി വിപുലീകരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ? | (ഡി) | ക്ഷീരകർഷകരുടെ കൂട്ടായ്മയിലൂടെ പ്രവർത്തിക്കുകയും കേരളസഹകരണ നിയമം അനുശാസിക്കുന്ന നിയമങ്ങൾ അനുസരിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് മാത്രമേ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്യുവാനും സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുവാനും സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ